പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3352 18.02.2013 -ലെ മറുപടിക്ക്

**<u>പഴയ നിലം നികത്തൽ പുരയിടങ്ങളിൽ വീടു വയ്ക്കുന്നതിനുള്ള പെർമിറ്റ്</u>**

<u>ചോദ്യം</u>

ശ്രീ. മോൻസ് ജോസഫ്

<u>ഉത്തരം</u>

ശ്രീ.മഞ്ഞളാംകുഴി അലി
(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും
വകുപ്പു മന്ത്രി)

| | |
|---|---|
| (എ) തിരുവനന്തപുരം നഗരസഭയിൽ ഇപ്പോഴും ഗ്രീൻസ്ട്രിപ്പിൽ കിടക്കുന്ന പഴയ നിലം നികത്തൽ പുരയിടങ്ങളിൽ വീടു വയ്ക്കുന്നതിനുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം നഗരസഭയിലെ അപ്രൂവ്ഡ് മാസ്റ്റർപ്ളാൻ പ്രകാരം ഗ്രീൻസ്ട്രിപ്പിൽ വരുന്ന നിലം നികത്ത് പുരയിടങ്ങളിൽ 300ച.മീറ്റർ വരെയുള്ള ഏകവാസ ഗൃഹത്തിന് റീജിയണൽ ടൗൺ പ്ളാനറുടെ കൺകറൻസിനു വിധേയമായി അനുവാദം നൽകുന്നുണ്ട്. |
| (ബി)4545/ആർ.എ1/2011 എൽ.എസ്.ജി നമ്പരിലുള്ള 22.01.2011 തീയതിയിലെ സർക്കുലറിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത സർക്കുലറിനുശേഷം ഇതേ വിഷയത്തിൽ മറ്റ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ. എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) സർക്കുലറിന്റെ പകർപ്പ് അനുബന്ധ മായി ചേർത്തിട്ടുണ്ട്. മേൽ പറഞ്ഞ സർക്കുലറിനുശേഷം ഇതേ വിഷയത്തിൽ മറ്റ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല. |
| (സി) ആർ.എ1/4545/2011 സർക്കുലർ പുറപ്പെടുവിച്ചശേഷവും 10 വർഷത്തിന് മുമ്പ് നികത്തിയ പുരയിടം എന്നത് എങ്ങനെ കണ്ടുപിടിക്കും എന്നുള്ളതു സംബന്ധിച്ച് നഗരസഭാ അധികൃതർ പൊതുജനങ്ങളെ ബുദ്ധിമുട്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ | (സി) സർക്കുലറിലെ നിർദ്ദേശം കർശനമായി പാലിക്കുന്നതിന് തിരുവനന്തപുരം കോർപ്പറേഷന് നിർദ്ദേശം നൽകുന്നതാണ്. |

| | |
|---|---|
| (ഡി) പത്ത് വർഷം മുൻപ് കൺവർട്ട് ചെയ്ത വസ്തു എന്നത്, ആരുടെ അന്വേഷണത്തിലാണ് വ്യക്തമാക്കേണ്ടത്; ഇത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കാമോ? | (ഡി) കൃഷി ഓഫീസർ, വില്ലേജ് ആഫീസർ, പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ, നഗരസഭയിലെ ടൗൺ പ്ളാനിംഗ് ഓഫീസർ(അതാത് നഗരസഭയിലെ കെട്ടിട നിർമ്മാണ ചുമതലയുളളയാൾ), പഞ്ചായത്ത്/ നഗരസഭാ സെക്രട്ടറി (കൺവീനർ) എന്നിവർ അടങ്ങിയ കമ്മിറ്റിയാണ് സ്ഥലത്തെ കുറിച്ച് പരിശോധിച്ച് മഹസർ തയ്യാറാക്കി 300ച.മീറ്ററിൽ താഴെയുള്ള വാസഗൃഹങ്ങൾ നിർമ്മിക്കുന്നതിന് നിബന്ധനകളോടെ ശുപാർശ നൽകുന്നത്. ഇത് സംബന്ധിച്ച് അനുബന്ധമായി ചേർത്തിട്ടുള്ള സർക്കുലറിൽ പ്രതിപാദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

കേരളാ സർക്കാർ

നം. 4545/ആർ.എ.1/11/തസ്വഭവ.

തദ്ദേശ സ്വയംഭരണ (ആർ.എ.) വകുപ്പ്,
തിരുവനന്തപുരം; തീയതി 22/01/2011.

## സർക്കുലർ

വിഷയം:- തദ്ദേശസ്വയം ഭരണ വകുപ്പ് - നിലം നികത്ത് ഭൂമിയിലെ കെട്ടിട നിർമ്മാണ ത്തിന് അനുമതി നൽകുന്നത് - സംബന്ധിച്ച്.

സൂചന:- 1) 31/07/2008 ലെ 45846/RA1/08/LSGD നമ്പർ സർക്കുലർ.
2) 23/9/2008 ലെ 59655/RA1/08/LSGD നമ്പർ സർക്കുലർ.

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ബാധകമാക്കുന്നതിനു മുൻപ് തന്നെ നിലമെന്നു റവന്യൂ രേഖകളിൽ രേഖപ്പെടുത്തിയ കാരണം വീടു നിർമ്മിക്കുന്നതിന് പെർമിറ്റ് ലഭിക്കുന്നില്ല എന്ന പരാതികൾ സർക്കാരിൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സൂചന പ്രകാരം സർക്കുലറുകൾ പുറപ്പെടുവിക്കുകയും, പ്രസ്തുത സർക്കുലറിലെ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ബിൽഡിംഗ് പെർമിറ്റ് നൽകുന്നതിനു നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. കൃഷി ഓഫീസർ, വില്ലേജ് ഓഫീസർ, പഞ്ചായത്തിലെ അസി. എൻജിനീയർ, നഗരസഭയിലെ ടൗൺ പ്ലാനിംഗ് ഓഫീസർ, (അതാത് നഗരസഭയിലെ കെട്ടിട നിർമ്മാണ ചുമതലയുള്ളയാൾ), പഞ്ചായത്ത്/നഗരസഭ സെക്രട്ടറി (കൺവീനർ) എന്നിവർ കൂടിയ ഒരു കമ്മിറ്റി രൂപീകരിച്ച് സ്ഥലത്തെക്കുറിച്ചുള്ള മഹസ്സർ തയ്യാറാക്കി 300 സ്ക്വയർ മീറ്ററിൽ കുറവ് വിസ്തീർണ്ണമുള്ള വീടുകൾക്കും, മറ്റൊരിടത്തും സ്വന്തമായി വീടില്ലാത്തവർക്കും മാത്രം അനുമതി നൽകിയാൽ മതിയെന്നും സർക്കുലറിൽ നിഷ്കർഷിച്ചിരുന്നു. ടി ആവശ്യത്തിലേയ്ക്ക് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെന്നും, കമ്മിറ്റി എല്ലാ മാസവും കൂടി തിരുമാനം എടുത്ത് നിയമാനുസൃതമായ നടപടി സ്വീകരിക്കണമെന്നും നിഷ്കർഷിച്ചിരുന്നു.

എന്നാൽ 2008 ലെ നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമം ബാധകമായ ശേഷം പ്രസ്തുത കമ്മിറ്റി കൂടാത്ത ഒരു സാഹചര്യം ഉണ്ടായതായും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും കെട്ടിട നിർമ്മാണത്തിന് അനുമതി നിഷേധിക്കുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽ പെടുകയുണ്ടായി. ടി സാഹചര്യത്തിൽ റവന്യൂ, കൃഷി, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുമായി 30/12/2010 ൽ ചർച്ച ചെയ്ത് സംശയ ദൂരീകരണം നടത്തിയത് പ്രകാരം താഴെ പറയുന്ന നിബന്ധനകളുടെ അടിസ്ഥാനത്തിൽ വീട് നിർമ്മിക്കുന്നതിനുള്ള അപേക്ഷ പരിഗണിച്ച് നടപടി സ്വീകരിക്കേണ്ടതാണ്.

1) 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, നിലവിലുള്ള നെൽവയലുകൾ, തണ്ണീർത്തടങ്ങൾ എന്നിവയ്ക്കു മാത്രം ബാധകമായതിനാൽ പുതിയതായി നികത്തു

ന്നതിനു മാത്രമേ പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾ ബാധകമാകുകയുള്ളൂ. അതു കൊണ്ട് പ്രസ്തുത നിയമം നിലവിൽ വരുന്നതിന് കുറഞ്ഞത് 10 വർഷം മുമ്പ് നികത്തപ്പെട്ട സ്ഥലത്ത് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകാവുന്നതാണ്.

2) സൂചനയിലെ സർക്കുലർ പ്രകാരം രൂപീകരിച്ച കമ്മറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ വീട് നിർമ്മിച്ചിട്ടുള്ള പക്ഷം കെട്ടിടനിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമാണെങ്കിൽ അവയ്ക്ക് കെട്ടിട നമ്പർ നൽകേണ്ടതാണ്.

3) റവന്യൂ, കൃഷി എന്നീ വകുപ്പുകളുടെ പ്രതിനിധികൾ കമ്മിറ്റിയിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. കമ്മിറ്റി എല്ലാ മാസവും കൂടുന്നതിന് പഞ്ചായത്ത് /നഗരസഭ സെക്രട്ടറിമാർ നടപടി സ്വീകരിക്കേണ്ടതാണ്. അതോടൊപ്പം സ്ഥല സന്ദർശനം നടത്തി ഫോട്ടോ എടുത്ത്, മഹസ്സർ തയ്യാറാക്കി കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സൂചനയിലെ സർക്കുലർ പ്രകാരം സെക്രട്ടറിമാർ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

എസ്. എം. വിജയാനന്ദ്.
അഡീഷണൽ ചീഫ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
കൃഷി ഡയറക്ടർ, തിരുവനന്തപുരം.
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ (കൊല്ലം, കൊച്ചി, കോഴിക്കോട്)
സെക്രട്ടറി, കോർപ്പറേഷൻ (തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശൂർ, കോഴിക്കോട്)
എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, പ്രതീക്ഷ ടവേഴ്സ്, പാങ്ങപ്പാറ, തിരുവനന്തപുരം-695581 (തദ്ദേശസ്വയംഭരണ വകുപ്പിന്റെയും മറ്റ് സർക്കാർ വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്)
പബ്ലിക് റിലേഷൻസ് ഡയറക്ടർ (പത്രമാധ്യമങ്ങളിലൂടെ ആവശ്യമായ പബ്ലിസിറ്റി നൽകുന്നതിന്)
കൃഷി വകുപ്പ് }
റവന്യൂ വകുപ്പ് } അനന്തര നടപടിയ്ക്ക്

പകർപ്പ്: റവന്യൂ വകുപ്പ്/കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്

തദ്ദേശസ്വയംഭരണ ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ യ്ക്ക്
സീനിയർ ടൗൺ പ്ലാനർ (വിജിലൻസ്)
തദ്ദേശ സ്വയംഭരണ (പി. എസ്) വകുപ്പ്
(Vide U.O. No. 24274/PS2/10/LSGD dated 19-4-2010)
തദ്ദേശ സ്വയംഭരണ (ആർ. ബി) വകുപ്പ്
തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ